**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് :- വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് 2001-2002 വർഷത്തിൽ ഏറ്റെടുത്ത കമ്പ്യൂട്ടർ പരിശീലനം (എസ്.സി.പി) (വനിത) പ്രോജക്ടിൽ ഭേദഗതി വരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാതെ പ്രോജക്ട് നടപ്പിലാക്കിയതിനും, മോണിറ്ററിംഗ് സമിതി റിപ്പോർട്ടില്ലാതെ തുക നൽകിയ നടപടിക്കും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.414/13/തസ്വഭവ. തിരുവനന്തപുരം, തീയതി, 15.02.2013

---

പരാമർശം:- 1. വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28/1/12 ലെ C538/09 നമ്പർ കത്ത്
2. ഗ്രാമവികസന കമ്മീഷണറുടെ 1/10/12, 28/12/12 എന്നീ തീയതികളിലെ 5590/DP2/12/CRD നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് 2001-2002 വർഷത്തിൽ ഏറ്റെടുത്ത കമ്പ്യൂട്ടർ പരിശീലനം (എസ്.സി.പി.) (വനിത) എന്ന 100/01-02 നമ്പർ 1,70,000/- രൂപ അടങ്കൽ വരുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട്, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്ഥാപനത്തിൽ വച്ചു നടത്തിയ പരിശീലനത്തിൽ പ്രോജക്ടിൽ പറഞ്ഞിരുന്ന പരിശീലനാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് തുക ഒരു വർഷത്തേക്ക് 2000/- രൂപയ്ക്ക് പകരം പ്രതിമാസം 500/- രൂപ ക്രമത്തിൽ നൽകുന്നതിന് പ്രോജക്ടിൽ ഭേദഗതി വരുത്തിയെങ്കിലും ടി നടപടിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാത്തതുകൊണ്ടും, മോണിട്ടറിംഗ് സമിതി റിപ്പോർട്ടില്ലാത്തതു കൊണ്ടും പ്രോജക്ടിനുവേണ്ടി സ്റ്റൈപ്പന്റായി ചെലവഴിച്ച 28,608/- രൂപയും, സ്ഥാപനത്തിനു നൽകിയ 20,752/- രൂപയും 2002-03 ആഡിറ്റിലും, സ്റ്റൈപ്പന്റായി ചെലവഴിച്ച 9552/- രൂപയും, സ്ഥാപനത്തിനു നൽകിയ 14,238/- രൂപയും, 2003-04 ആഡിറ്റിലും ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സപ്പെടുത്തിയതിനാൽ പ്രോജക്ടിൽ ഭേദഗതി വരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാതെ പ്രോജക്ട് നടപ്പാക്കിയതിനും, മോണിറ്ററിംഗ് സമിതി റിപ്പോർട്ടില്ലാതെ തുക നൽകിയ നടപടിക്കും സാധൂകരണം

നൽകണമെന്ന് പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയും പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മീഷണർ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് 2001-2002 വർഷത്തിൽ ഏറ്റെടുത്ത കമ്പ്യൂട്ടർ പരിശീലനം (എസ്.സി.പി) (വനിത) എന്ന പ്രോജക്ടിൽ ഭേദഗതി വരുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരമില്ലാതെ പ്രോജക്ട് നടപ്പിലാക്കിയതിനും, മോണിറ്ററിംഗ് സമിതി റിപ്പോർട്ടില്ലാതെ തുക നൽകിയ നടപടിക്കും സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജി. ശിവപ്രസാദ്,**
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വാഴക്കുളം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ